(സി) (1) കെൽട്രോൺ, തിരുവനന്തപുരം. (2) ഐ. ടി. ഐ. ലിമിറ്റഡ്, ബാംഗ്ലൂർ. (3) ഷോങ്ടെ ടെക്നോളജീസ് ലിമിറ്റഡ്, ന്യൂഡൽഹി. (4) എറ്റ്കോ ടെലികോം (5) സണ്ടെക് ലിമിറ്റഡ്, മാംഗ്ലൂർ എന്നീ അഞ്ചു സ്ഥാപനങ്ങളിൽനിന്നും ടെണ്ടർ ലഭിക്കുകയുണ്ടായി. 6-6-2005-ൽ ആണ് എല്ലാ ടെണ്ടറുകളും ലഭിച്ചത്. ടെക്നിക്കൽ ബിഡ് പരിശോധന പൂർത്തിയാകാത്തതിനാൽ ഓരോരുത്തരും കോട്ട് ചെയ്ത തുക എത്രയെന്ന് അറിയാൻ കഴിയുകയില്ല.

(ഡി) 29-6-2005-ലെ സർക്കാർ ഉത്തരവ് (സാധ.) നമ്പർ 229/05/ട്രാൻ. പ്രകാരം നിലവിൽ വന്നിട്ടുള്ള ടെക്നിക്കൽ കമ്മറ്റിയുടെ ടെക്നിക്കൽ ബിഡ് പരിശോധന നടന്നുകൊണ്ടിരിക്കുന്നതിനാൽ അത് പൂർത്തിയായതിനുശേഷം മാത്രമേ ടെണ്ടർ വ്യവസ്ഥ പാലിക്കുവാനുള്ള സംവിധാനം ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കുണ്ട്, എന്നറിയുവാൻ കഴിയുകയുള്ളൂ.

ജലഗതാഗത വകുപ്പ് ലാഭകരമായി നടത്തുന്നതിന് നടപടി

98 [2967] ശ്രീ. ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിനുവേണ്ടി പുതുതായി സ്റ്റീൽ ബോട്ടുകളും ഫൈബർ ബോട്ടുകളും വാങ്ങുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ എത്രവീതമെന്ന് പറയുമോ;

(സി) ഇത്തരം ബോട്ടുകളെക്കൊണ്ട് ഈ വകുപ്പ് ലാഭകരമായി നടത്തുവാൻ കഴിയുമോ;

(ഡി) ജലഗതാഗത വകുപ്പ് ലാഭകരമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റീൽ ബോട്ടുകൾ വാങ്ങുന്നതിന് ഉദ്ദേശ്യമുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ 6 സ്റ്റീൽ ബോട്ടുകൾ.

(സി) ഇല്ല.

(ഡി) ജലഗതാഗത വകുപ്പ് ലാഭ നഷ്ടം നോക്കാതെ ഒരു പബ്ലിക് യൂട്ടിലിറ്റി സർവ്വീസായാണ് പ്രവർത്തിച്ചു വരുന്നത്. എങ്കിലും വകുപ്പിന്റെ പ്രവർത്തന പരിധി ടൂറിസം മേഖലയിലേക്ക് വ്യാപിപ്പിച്ചും ബോട്ടു സർവ്വീസിന്റെ ടിക്കറ്റ് നിരക്ക് ഉയർത്തിയും അടിക്കടി റിപ്പയർ വേണ്ടിവരുന്ന തടി ബോട്ടുകൾ മാറ്റി പകരം സ്റ്റീൽ/ഫൈബർ ബോട്ടുകൾ സർവ്വീസിനിറക്കിയും ജലഗതാഗത വകുപ്പിന്റെ നഷ്ടം കുറയ്ക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly